പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3743 | 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പൂർണ കംപ്യൂട്ടറൈസേഷനും ഇ-ഗവേണൻസും നടപ്പിലാക്കുന്നത് ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.എസ് സംവിധാനത്തിലെ ജി.പി.എസിൽ നിന്നും ലഭ്യമാകുന്ന ഡേറ്റ ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS) നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനം പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഓരോ സ്റ്റേഷനിലും ബസ് എത്തിച്ചേരുന്ന സമയം ലഭ്യമാക്കുവാൻ സാധിക്കും. യാത്രക്കാരെ കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് ആകർഷിക്കുന്നതിനും ജനകീയമാക്കുന്നതിനും ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിന് 2018-ൽ, പരിഷ്കരിച്ച കൂടുതൽ സൗകര്യങ്ങളോടുകൂടിയ, ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മാത്രവുമല്ല നിലവിൽ 558 സർവ്വീസുകളിൽ (സൂപ്പർക്ലാസ് സർവ്വീസുകൾ ഉൾപ്പെടെ) ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ഉപയോഗിച്ചു വരുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്നതിനാൽ പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന (GPRS, RFID Smart card, QR code, ബസിൽ നിന്നുതന്നെ റീചാർജ് ചെയ്യാൻ സാധിക്കുന്ന RFID കാർഡ്) ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു. പുതിയ ഇ.ടി.എം.-കൾ ക്ലോസ്ഡ് ലൂപ്പ്, ഓപ്പൺ ലൂപ്പ്, ക്രെഡിറ്റ് / ഡെബിറ്റ്, |

| | | | |
|---|---|---|---|
| | | | എൻ.സി.എം.സി കാർഡ് എന്നിവ ഉപയോഗിക്കുവാൻ സൗകര്യമുള്ളവയാണ്. ഓൺ ലൈൻ മുഖാന്തിരം ബുക്ക് ചെയ്യുന്ന റിസർവേഷൻ ടിക്കറ്റുകളിലെ ക്യൂ ആർ കോഡ് വാലിഡേഷൻ ചെയ്യുന്ന സംവിധാനവും പ്രസ്തുത മെഷീനിലുണ്ട്. വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റുകൾ ആർ.എഫ്.ഐ.ഡി കാർഡ് ആകുമ്പോൾ പ്രസ്തുത കാർഡുകൾ റീഡ് & റൈറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും ഈ മെഷീനുകളിലുണ്ട്. ക്രെഡിറ്റ് / ഡെബിറ്റ് കാർഡുകൾ ഉപയോഗിക്കാവുന്നതിനുപുറമേ പ്രീപെയ്ഡ് ആർ.എഫ്.ഐ.ഡി കാർഡുകളും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. വരുമാനച്ചോർച്ച കുറയ്ക്കുന്നതിനും സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും ഇത് ഉപകാരപ്രദമായിരിക്കും. RFID സാങ്കേതികവിദ്യ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസെഷൻ ടിക്കറ്റുകൾ, വിവിധതരം പാസുകൾ എന്നിവ ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br>സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, Payroll-ഉം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് M/s. Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ബി) | സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി Human Resource-ഉം, Payroll-ഉം കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് M/s. Keltron-മായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**